**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.701** **11.07.2016 -ൽ മറുപടിക്ക്**

**<u>ശ്രീ ശങ്കരാ പാലത്തിന് സമാന്തരമായി പുതിയ പാലം</u>**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| (എ) പെരുമ്പാവൂർ അങ്കമാലി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എം.സി. റോഡിലെ ശ്രീ ശങ്കരാ പാലത്തിലെ ഗതാഗതക്കുരുക്ക് അതിരൂക്ഷമായ സാഹചര്യത്തിൽ, ഇതിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എവിടംവരെ ആയി എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കാലടിയിൽ പെരിയാറിന് കുറുകെ പാലവും ബൈപ്പാസ് റോഡും നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് ചീഫ് എഞ്ചിനീയർ 19.09.2015 ൽ അംഗീകരിച്ചു. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പാലത്തിന്റെ ഡിസൈൻ പൂർത്തിയാക്കുന്നതിനു വേണ്ടി കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ള പൈലിന്റെ കപ്പാസിറ്റി അടക്കമുള്ള വിവരങ്ങൾ ഇൻവെസ്റ്റിഗേഷൻ ഏജൻസി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരമുള്ള ഭൂവുടമകളുടെ സമ്മതപത്രം ലഭിക്കേണ്ടതുണ്ട്. 2016 ജനുവരി മാസം സ്ഥലം ഉടമകളുടെ യോഗം നടത്തിയെങ്കിലും സമ്മതപത്രം ലഭിച്ചിട്ടില്ല. സമ്മതപത്രം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**